# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2173 — 10.10.2011-ലെ മറുപടിക്ക്

### കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിലെ എൻ.എം.ആർ. റെഗുലറൈസേഷന് മുൻകാല പ്രാബല്യം നൽകണമെന്ന സുപ്രീം കോടതി ഉത്തരവ് നടപ്പിലാക്കുമോ ; | (എ) സുപ്രീംകോടതി ഉത്തരവ് ഹർജിക്കാർക്ക് മാത്രം ബാധകമാണ് |
| (ബി) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സബ്സെക്ഷനും ഇലക്ട്രിക്കൽ വിംഗും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ; | (ബി) കേരള വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത ഉയർത്തുന്നതിലേയ്ക്കായി ഉള്ള പഠനം ഐ.ഐ.എം. ബാംഗ്ലൂർ നടത്തിവരികയാണ്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. |
| (സി) 'ജിക്കാ' പദ്ധതികളുടെ നിർമ്മാണം സംബന്ധിച്ച സ്ഥിതികൾ പദ്ധതി അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ; | (സി) "ജിക്ക" സഹായത്തോടെ സംസ്ഥാനത്ത് 5 സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതികളിലെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടങ്ങളിലാണ്. നാല് പാക്കേജുകളായാണ് ഓരോ പദ്ധതിയും നടപ്പിലാക്കുന്നത്.<br><br>പാക്കേജ് 1-ൽ ഇൻടേക്ക് വെല്ലിന്റെയും ജലശുദ്ധീകരണശാലയുടെയും നിർമ്മാണവും, പാക്കേജ് 2-ൽ ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കലും, പാക്കേജ് 3-ൽ ജലവിതരണ ശൃംഖലകൾ സ്ഥാപിക്കലും, പാക്കേജ് 4-ൽ ജലസംഭരണികളുടെ നിർമ്മാണവും ഉൾപ്പെടുന്നു. തിരുവനന്തപുരം, കോഴിക്കോട് പദ്ധതികളുടെ പാക്കേജ് 5-ൽ പുനരുദ്ധാരണവും ലക്ഷ്യമിടുന്നു.<br><br>ഓരോ പദ്ധതിയിലെയും വിവിധ പാക്കേ |

ജുകളുടെ നിർമ്മാണത്തിൽ ഇതുവരെ കൈവരിച്ച പുരോഗതി താഴെ ചേർക്കുന്നു.

1) <u>തിരുവനന്തപുരം പദ്ധതി</u>

പാക്കേജ് 1 - 99.50%

പാക്കേജ് 2 - 92.95%

പാക്കേജ് 3 - 78.56%

പാക്കേജ് 4 - 94.03%

പാക്കേജ് 5 -

(റീഹാബിലിറ്റേഷൻ ജോലികൾ) - ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

2) <u>മീനാട് പദ്ധതി (കൊല്ലം ജില്ല)</u>

പാക്കേജ് 1 - 99.50%

പാക്കേജ് 2 - 98.79%

പാക്കേജ് 3 - 65.58%

പാക്കേജ് 4 - 99.55%

3) <u>ചേർത്തല പദ്ധതി (ആലപ്പുഴ)</u>

പാക്കേജ് 1 - 96.43%

പാക്കേജ് 2 - 94.07%

പാക്കേജ് 3 - 91.81%

പാക്കേജ് 4 - 96.37%

4) <u>കോഴിക്കോട് പദ്ധതി</u>

പാക്കേജ് 1 - 32.00%

പാക്കേജ് 2എ - 86.36%

പാക്കേജ് 2ബി - 83.59%

പാക്കേജ് 3 - 37.67%

പാക്കേജ് 4 - 84.18%

പാക്കേജ് 5 -

(റീഹാബിലിറ്റേഷൻ ജോലികൾ). - ടെൻഡർ ക്ഷണിച്ചിട്ടുണ്ട്

5) <u>പട്ടുവം പദ്ധതി (കണ്ണൂർ ജില്ല)</u>

പാക്കേജ് 1 - 96.54%

പാക്കേജ് 2 - 93.92%

പാക്കേജ് 3 - 36.35%

പാക്കേജ് 4 - 90.45%

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിയ സ്പാൻ പദ്ധതികൾ എത്രയെണ്ണം ഇതുവരെ കമ്മീഷൻ ചെയ്തു എന്നും സ്പാൻ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളും വിശദമാക്കാമോ ?

(ഡി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന സ്പാൻ പദ്ധതികളിൽ അഞ്ച് സ്കീമുകൾ ഇതുവരെ കമ്മീഷൻ ചെയ്തു.

സ്പാൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ ഇവ നടപ്പിലാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തി. പദ്ധതികളുടെ ടെണ്ടർ നടപടികൾ വേഗ

ത്തിലും സുതാര്യമായും പൂർത്തിയാക്കുന്നതിന് വാട്ടർ അതോറിറ്റി മേഖലാ തലത്തിലും ഹെഡ് ഓഫീസ് തലത്തിലും പ്രത്യേക ടെക്നിക്കൽ കമ്മിറ്റികളും പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിന് ഹെഡ് ഓഫീസ് തലത്തിൽ പ്രത്യേക ടീമിനെയും നിയോഗിച്ചു. സർക്കാർ തലത്തിൽ എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചു. ഒന്നരക്കോടിക്ക് മുകളിൽ അടങ്കൽ തുക വരുന്ന പണികൾ ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ ടെണ്ടർ ചെയ്തു. നിർമ്മാണ പ്രവർത്തന സൗകര്യത്തിനായി പദ്ധതികളെ വിവിധ പാക്കേജുകളാക്കി തിരിച്ചാണ് ടെണ്ടർ ചെയ്തത്. മൊത്തമുള്ള 100 പാക്കേജുകളിൽ നാളിതുവരെ 99 പാക്കേജുകൾ ടെണ്ടർ ചെയ്യുകയും 86 പാക്കേജുകൾക്ക് വർക്ക് ഓർഡർ നൽകുകയോ എഗ്രിമെന്റ് വയ്ക്കുകയോ പണി തുടങ്ങുകയോ ചെയ്തിട്ടുണ്ട്. ഏഴ് പാക്കേജുകളുടെ റി-ടെണ്ടർ വിവിധ ഘട്ടങ്ങളിലാണ്. ആറ് പാക്കേജുകൾ ഇനി റീ-ടെണ്ടർ ചെയ്യേണ്ടതായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ